## കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/3043/2024-EA(2) തിരുവനന്തപുരം, തീയതി.09.08.2024

website: www.cooperation.kerala.gov.in
e-mail: keralarcs.coop@kerala.gov.in

വിഷയം:- സഹകരണ വകുപ്പ് - ജീവനക്കാര്യം - 2024 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം- അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- സർക്കാരിന്റെ 04.06.2023 ലെ സ.ഉ (കൈ) 8/2023/സഹ നമ്പർ ഉത്തരവ്

സഹകരണ വകുപ്പിലെ ജീവനക്കാരിൽ നിന്നും 2024 വർഷത്തെ പൊതുസ്ഥലം മാറ്റത്തിനായുള്ള അപേക്ഷ ക്ഷണിക്കുന്നു. പരാമർശ സർക്കാർ ഉത്തരവ് പ്രകാരം ഓൺലൈൻ മുഖേനയാണ് പൊതുസ്ഥലം മാറ്റത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. ജീവനക്കാരുടെ HRMS Module-ൽ അപ് ഡേറ്റ് ചെയ്തിട്ടുള്ള വിവരങ്ങളുടെയും ഓൺലൈൻ അപേക്ഷ ഫാറത്തിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കും പൊതുസ്ഥലം മാറ്റം നടത്തുന്നത്.

### 1. പൊതു സ്ഥലംമാറ്റ അപേക്ഷ - പൊതുനിർദ്ദേശങ്ങൾ

I. സഹകരണ വകുപ്പിലെ ജീവനക്കാരുടെ ഓൺലൈൻ സമ്പ്രദായത്തിലൂടെയുള്ള പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ അംഗീകരിച്ച് പരാമർശം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്

II. ഒരു ജില്ലയിലെ സർവ്വീസ് ഒരേ സ്റ്റേഷനിലെ സർവ്വീസായി കണക്കാക്കേണ്ടതാണ്. (സ്റ്റേഷൻ എന്നത് ജീവനക്കാരൻ അവസാനം ജോലി ചെയ്ത ഓഫീസ് എന്നല്ല സൂചിപ്പിക്കുന്നത്).

III. സ്വന്തം ജില്ല (ഹോം സ്റ്റേഷൻ) എന്നത് ജീവനക്കാരൻ സർവ്വീസ് പ്രവേശന സമയത്ത് ഓപ്റ്റ് ചെയ്യതോ അല്ലെങ്കിൽ അപേക്ഷ നൽകി പിന്നീട് നിയമപരമായി മാറ്റി വാങ്ങിയ ജില്ലയോ എന്നതാണ്.

IV. 2024 വർഷത്തെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ ട്രാൻസ്ഫർ സോഫ്റ്റ് വെയർ ( https://coperative.cditonline.org/login_it) മുഖാന്തിരം അയയ്ക്കാവുന്നതാണ്.

V. പൊതു സ്ഥലം മാറ്റത്തിന് സഹകരണ വകുപ്പിലെ സേവനം മാത്രമേ പരിഗണിക്കുകയുള്ളൂ.

VI. അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തവർ/അച്ചടക്ക നടപടികൾ നേരിടുന്നവർ/ശൂന്യവേതന അവധിയിലുള്ളവർ എന്നിവരെ പൊതുസ്ഥലം മാറ്റത്തിന് പരിഗണിക്കുകയില്ല.

VII. നിലവിലെ സ്റ്റേഷനിൽ ഒരു വർഷം പൂർത്തിയായവർക്കും ഹോം സ്റ്റേഷനിൽ നിന്നും അവസാനം സ്ഥലം മാറിയതിനു ശേഷം ഒരു വർഷത്തെ ഔട്ട് സ്റ്റേഷൻ സർവീസ് പൂർത്തിയാക്കിയവർക്ക് മാത്രമേ പൊതുസ്ഥലം മാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

VIII. പരാമർശ സർക്കാർ ഉത്തരവിലെ നിർദ്ദേശം (6-ൽ) പരാമർശിച്ചിട്ടുള്ളത് പ്രകാരം അനുകമ്പാർഹമായ കാരണങ്ങളും അനുബന്ധമായി പരാമർശിച്ചിട്ടുള്ളത് പ്രകാരം പ്രത്യേക മുൻഗണന അർഹമായ കാരണങ്ങളാലും അപേക്ഷ സമർപ്പിക്കാനുള്ളവർ അപേക്ഷ സമർപ്പിച്ച ശേഷം അപേക്ഷയുടെ ഹാർഡ് കോപ്പിയോടൊപ്പം ആയത് സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ കൂടി ഓഫീസ് മേലധികാരിയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ അതാത് ജില്ലാതല ഓഫീസർമാർ അഭിപ്രായം രേഖപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഇ-മെയിൽ (onlinegentransfer@gmail.com) മുഖേന അയച്ചുതരേണ്ടതാണ്.

IX. ഹാർഡ് കോപ്പി സമർപ്പിച്ചിട്ടില്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

X. പരിരക്ഷിക്കപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും കൂടി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള ഒഴിവുകളുടെ എണ്ണം അതാത് വിഭാഗത്തിൽ സ്ഥലം മാറ്റത്തിന് വേണ്ടിയുള്ള ഒഴിവുകളുടെ മൊത്തം സംഖ്യാബലത്തിന്റെ പരമാവധി 30 ശതമാനമായിരിക്കും.

XI. കരട് സ്ഥലം മാറ്റപ്പട്ടിക പ്രസിദ്ധീകരിക്കുന്നത് വരെ പൊതു സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ 2024 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന് ബാധകമാണ്.

XII. ഓൺലൈൻ മുഖേന ലഭിക്കുന്ന അപേക്ഷകൾ പ്രോസസ് ചെയ്തതിനു ശേഷം സ്ഥലംമാറ്റപ്പെടുന്ന ജീവനക്കാരുടെ കരട് സ്ഥലം മാറ്റപ്പട്ടിക സഹകരണ വകുപ്പിന്റെ www.cooperation.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## 2. ജീവനക്കാർക്ക് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

I. https://coperative.cditonline.org/login_it എന്ന വെബ് സൈറ്റിൽ Enterprise platform ൽ-Employee Login Click ചെയ്ത് യൂസർ നെയിമും പാസ് വേർഡും ഉപയോഗിച്ച് Individual ലോഗിൻ ചെയ്യുക.

II. Individual log in ചെയ്ത ശേഷം Myspace-ൽ Apply for Transfer എന്നതിൽ ക്ലിക്ക് ചെയ്യുക.

III. Apply for Transfer എന്നതിൽ സെലക്ട് ചെയ്യുമ്പോൾ Transfer Application ലഭിക്കുന്നു.

IV. അപേക്ഷാ ഫാറത്തിൽ HRMS Module-ൽ ഡിഡിഒമാർ കൃത്യത ഉറപ്പുവരുത്തി രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ വ്യക്തിഗത വിവരങ്ങളും സേവന വിവരങ്ങളും അടങ്ങിയിട്ടുണ്ടാവും.

V. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ നിരസിക്കുന്നതാണ്.നിരസിച്ച അപേക്ഷകൾ പിന്നീട് പരിഗണിക്കുന്നതല്ല.

VI. ആയതിനാൽ പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട ജീവനക്കാർ കഴിവതും ആദ്യ ദിവസങ്ങളിൽ തന്നെ അപേക്ഷ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുവാൻ എന്തെങ്കിലും ബുദ്ധിമുട്ട് നേരിട്ടാൽ ഈ വിവരം ഉടൻ തന്നെ അതാത് ജില്ലാതല ഓഫീസറെ അറിയിക്കുകയും ജില്ലാതല ഓഫീസർ സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

VII. ഒരു ജീവനക്കാരന് മുൻഗണന ക്രമത്തിൽ 3 ഓപ്ഷനുകൾ നൽകാവുന്നതാണ്.

VIII. ഒരു പ്രത്യേക സ്റ്റേഷനിൽ 3 വർഷം സേവനം പൂർത്തിയായി എന്ന കാരണത്താൽ ഒരു ജീവനക്കാരനും നിർബന്ധമായി സ്ഥലം മാറ്റപ്പെടുന്നില്ല. എന്നാൽ മറ്റൊരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയ അപേക്ഷകൻ ആ സ്റ്റേഷനിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം സ്ഥലം മാറ്റം നടത്തപ്പെടാം. ഇത്തരം സാഹചര്യത്തിൽ പരിഗണിക്കേണ്ട ഓപ്ഷനുകൾ ഒരു സ്റ്റേഷനിൽ 3 വർഷം സേവനം പൂർത്തിയാക്കിയ ജീവനക്കാർക്കും സമർപ്പിക്കാവുന്നതാണ്.

IX. അപേക്ഷാ ഫാറത്തിലെ വിവരങ്ങൾ പൂർണ്ണമായും പൂരിപ്പിച്ചതിനുശേഷം declaration വായിച്ചുനോക്കി ശരിയാണെന്ന് ഉറപ്പ വരുത്തി ഓഫീസും അപേക്ഷ സമർപ്പിക്കുന്ന മേലധികാരിയുടെ സീറ്റും സെലക്റ്റ് ചെയ്തശേഷം അപേക്ഷ സബ്മിറ്റ് ചെയ്യാവുന്നതാണ്

X. സബ്മിറ്റ് ചെയ്ത അപേക്ഷ പിന്നീട് എഡിറ്റ് ചെയ്യാൻ സാധിക്കുന്നതല്ല.

XI. സബ്മിറ്റ് ചെയ്ത അപേക്ഷ delete ചെയ്ത് വീണ്ടും അപേക്ഷ നൽകാവുന്നതാണ്.

XII. സബ്മിറ്റ് ചെയ്യുന്ന അപേക്ഷകൾ മാത്രമേ സ്ഥലം മാറ്റത്തിന് പരിഗണിക്കുകയുള്ളൂ.

XIII. അപേക്ഷ സമർപ്പിച്ചുകഴിയുമ്പോൾ ഒരു ആപ്ലിക്കേഷൻ നമ്പർ ലഭിക്കുന്നതും അപേക്ഷാഫാറം പ്രിന്റ് എടുക്കാവുന്നതുമാണ്. പ്രിന്റ് എടുക്കുന്ന അപേക്ഷാഫാറത്തിൽ ആപ്ലിക്കേഷൻ നമ്പർ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

XIV. മുൻഗണനാ വിഭാഗം/അനുകമ്പാർഹമായ കാരണങ്ങൾ എന്നിവയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർ അപേക്ഷയുടെ ഹാർഡ് കോപ്പിയോടൊപ്പം ആയതുമായി ബന്ധപ്പെട്ട അധികാരി നൽകിയിട്ടുള്ള സാക്ഷ്യപത്രത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. ഒന്നിൽ കൂടുതൽ മുൻഗണന claim ചെയ്യുന്നവർ claim ചെയ്യുന്ന ഓരോ വിഭാഗത്തിന്റെയും സാക്ഷ്യപത്രത്തിന്റെ പകർപ്പുകൾ ഹാർഡ് കോപ്പിയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. സാക്ഷ്യപത്രത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടില്ലാത്ത claim അംഗീകരിക്കുന്നതല്ല. ഓഫീസ് മേലധികാരി ആവശ്യപ്പെടുന്നപക്ഷം

ആയതുമായി ബന്ധപ്പെട്ട അസ്സൽ രേഖകൾ/ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

XV. സബ്മിറ്റ് ചെയ്ത അപേക്ഷയുടെ 'സ്റ്റാറ്റസ്' അതാത് അപേക്ഷകർക്ക് പരിശോധിക്കാവുന്നതാണ്.

XVI. പൊതു സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് കരട് പട്ടിക പ്രസിദ്ധീകരിക്കുന്നത് സംസ്ഥാന തല ഓഫീസായ സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ നിന്നാണ്. ആയതിനാൽ അപേക്ഷകർ സമർപ്പിച്ച അപേക്ഷ നിശ്ചിത സമയപരിധിക്കകം സംസ്ഥാനതല അധികാരിക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് അപേക്ഷയുടെ സ്റ്റാറ്റസ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

XVII. പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ടിട്ടുള്ള പരാതികൾ സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ രേഖാമൂലം(onlinegentransfer@gmail.com) അറിയിക്കേണ്ടതാണ്.

3. **<u>2024 വർഷത്തെ സഹകരണ വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച സമയപരിധി ചുവടെ ചേർക്കുന്നു.</u>**

| | | |
|---|---|---|
| 1 | ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കാവുന്നത്. | **09.08.2024 മുതൽ**<br>**19.08.2024 5pm വരെ** |

(ഒപ്പ്)
സുഭാഷ് റ്റി.വി ഐ എ എസ്
സഹകരണ സംഘം രജിസ്ട്രാർ